പതിനാലാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

29-1-2019 ൽ മറുപടിക്ക്

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38**

**പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.ടി.എ. റഹീം**<br>**ശ്രീ. ജെയിംസ് മാത്യു**<br>**ശ്രീ. രാജു എബ്രഹാം**<br>**ശ്രീ. കെ.വി.വിജയദാസ്** | **ശ്രീ. ഇ.പി. ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) മുൻ സർക്കാരിന്റെ കാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം പൊതു മേഖലാ സ്ഥാപനങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് ലാഭത്തിലായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ് 2015-16 കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭകരമാക്കുവാൻ സാധിച്ചു. |
| (ബി) പ്രസ്തുത സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം നേടിയ വാർഷിക ലാഭത്തിന്റെ വിശദാംശം നൽകുമോ; | (ബി) പ്രസ്തുത സ്ഥാപനങ്ങളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ 2017-18 കാലയളവിലെ ലാഭ നഷ്ടക്കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

(Rs. in lakhs)

| Sl. No | Name of the Company | Net Profit /loss | |
|---|---|---|---|
| | | 2016-17 | 2017-18 |
| 1 | Travancore Titanium Products Ltd | 852.53 | 1883.41 |
| 2 | Travancore-Cochin Chemicals Ltd | 621.00 | 3317.00 |
| 3 | Transformers and Electricals Kerala Ltd | 106.27 | 657.01 |
| 4 | Steel and Industrial Forgings Ltd | 46.00 | 240.00 |
| 5 | Kerala Minerals & Metals Ltd | 2882.12 | 19578.03 |
| 6 | Traco Cable Company Ltd | 133.94 | -575.17 |

| | | | |
|---|---|---|---|
| (സി) | നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. ഓരോ സ്ഥാപനത്തിൻെറയും പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ചുവരുന്നത്. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വത്ക്കരണത്തിലൂടെയും, വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്ക്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ മാനവ വിഭവശേഷി ശക്തിപ്പെടുത്തുന്നതിനനുയോജ്യമായ പരിശീലനപരിപാടികളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ